# പള്ളികഥകൾ

## മിനികഥകൾ നാല്പത്തിനാല്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ എടുക്കാൻ വയ്യാത്ത വലിയ തലയുമായി വരുന്നതുകണ്ടപ്പോഴേ എനിക്ക് കാര്യം മനസ്സിലായി: തല നിറയെ പേനുമായല്ല, കഥകളുമായാണ് വരുന്നതെന്ന്.

# കുർബ്ബാനുഭവം

അമേരിക്കയിലുള്ള ഒരു പള്ളിയിലാണ് സംഭവം. സ്വരമാധുര്യം കൊണ്ടും ഭക്തിനിർഭരം കൊണ്ടും അനുഗ്രഹീതനായ ഒരു കൊച്ചച്ചനാണ് പള്ളി വികാരി. അദ്ദേഹം ഗ്രീൻകാഡ്ഉടമയാണെങ്കിലും ഭാര്യയും മക്കളുമെല്ലാം കേരളത്തിലാണ്. അവരെ അമേരിക്കയിലേക്ക് കൊണ്ടുവരുന്നതിനേക്കാൾ നല്ലത് കേരളത്തിൽ അവരുടെ അടുക്കലേക്ക് പോവുകയാണ് നല്ലതെന്ന് വിശ്വസിക്കുന്ന ഒരു കൊച്ചച്ചനാണദ്ദേഹം. അദ്ദേഹം ജോസഫച്ചനോട് പറഞ്ഞതും നടന്നതുമായ കാര്യമാണിത്.

വളരെ തുഛമായ ഒരു തുക വാങ്ങിക്കൊണ്ട് സേവനം അനുഷ്ഠിക്കുന്ന ഒരു ദേഹമാണ്. എന്നാൽ അവരാരെങ്കിലും എപ്പോഴെങ്കിലും അദ്ദേഹത്തിന് കൊടുക്കുന്നത് സന്തോഷത്തോട് വാങ്ങിക്കും. കൊടുക്കാത്തവരോട് യാതൊരു വിരോധവുമില്ല. ഒരു ഫുൾടൈം അച്ചനായി ആ ഇടവകയ്ക്കു വേണ്ടി അദ്ദേഹം പ്രവർത്തിക്കുകയാണ്.

ഒരാൾ കുമ്പസാരം നടത്തി ഏറ്റുപറയുന്നത് യാതൊരു കാരണവശാലും പുറത്താരോടും പറയാൻ പാടില്ലന്നാണ് സഭാനിയമം. എന്നാൽ അദ്ദേഹം ഒരച്ചനായതുകൊണ്ടും, നമ്മുടെ ജോസഫച്ചൻ സഭയിലെ ഒരച്ചനായതുകൊണ്ടും സംസാരമദ്ധ്യേ പറയാൻ നിബന്ധിതനായി പോയതാണ്:

ആ ഇടവകയിലെ ഒരു ഇടത്തരം കുടുംബമാണ് അവറാച്ചന്റേത്. അവറാച്ചനും അമ്മിണിയും അഞ്ചു വയസുള്ള ഒരു മകളുമുള്ളതാണ് ആ കുടുംബം. അവറാച്ചൻ ഒരു ചെറിയ കമ്പനിയിൽ മെക്കാനിക്കായിട്ട് ജോലി ചെയ്യുകയാണ്. ഭാര്യ അമ്മിണി അവിടെ ഒരു ആശുപത്രിയിൽ നേഴ്സായിട്ട് ജോലി ചെയ്യുകയാണ്. വളരെ കുറഞ്ഞോന്നു നാളുകളേ ആയിട്ടുള്ള അവർ അമേരിക്കയിൽ എത്തിയിട്ട്. അമ്മിണിയുടെ സഹോദരനും ഭാര്യയും അമേരിക്കയിലുള്ളതുകൊണ്ട്, അവർ സ്പോൻസർ ചെയ്താണ് ഇവർ അമേരിക്കയിലെത്തിയത്. വളരെയധികം പിശുക്കി ജീവിച്ചതു മൂലം പെട്ടന്നു തന്നെ അവക്ക് ഒരു വീടു വാങ്ങി അവിടെ താമസിക്കാൻ സാധിച്ചു.

അമേരിക്കയിലുള്ള നിരവധി മലയാളികൾ വീടു വാങ്ങി താമസിക്കുന്നുണ്ടെങ്കിലും, ബാങ്കിൽ നിന്ന് കടം കിട്ടിയതു മൂലമാണ് അതിന് സാധിക്കുന്നത്. ഈ കടം വീട്ടുന്നതുവെരെ ഈ വീട് സത്യം പറഞ്ഞാൽ അത് ബാങ്കുകാരന്റേതാണ്. ഏതെങ്കിലും കാരണവശാൽ തവണകൾ അടയ്ക്കാൻ സാധിക്കാതെ വന്നാൽ, വീട് ബാങ്കുകാർ ജപ്തിചെയ്യും.

സത്യം പറഞ്ഞാൽ അമ്മിണിയുടെ ജോലിയുടെ പച്ചയിലാണ് ആ വീട്ടിൽ താമസിക്കുന്നത്. ഇത് ഇവരുടെ മാത്രം കഥയല്ല; നേഴ്സായ് അമേരിക്കയിൽ ജോലി ചെയ്യുന്ന എല്ലാ ഭവനങ്ങളിലേയും കഥ ഇതു തന്നെ. സ്ത്രീകൾ രാപകലില്ലാതെ രണ്ടും മൂന്നും ഷിഫ്റ്റ് വളരെ കഷ്ടപ്പെട്ട് പണമുണ്ടാക്കിയാണ് ഇക്കൂട്ടർ കഴിയുന്നത്. എട്ടുമണിക്കൂറാണ് ഒരു ഷിഫ്റ്റ്. അപ്പോൾ രണ്ട് ഷിഫ്റ്റ് എന്നു പറഞ്ഞാൽ പതിനാറു മണിക്കൂർ ജോലി എന്നർത്ഥം. ഇരുപത്തി നാലു മണിക്കൂർ ജോലി ചെയ്യുകയെന്നതാണ് മൂന്നു ഷിഫ്റ്റ് ജോലി എന്നർത്ഥം. നമ്മുടെ അമ്മിണിയും ഇങ്ങിനെ മിക്കപ്പോഴും മൂന്നു ഷിഫ്റ്റ് ജോലി ചെയ്താണ് ആ കുടുംബം ജീവിക്കുന്നത്. ഇത്രയും പെട്ടന്ന് ഇത്രയും വലിയ ഒരു വീടു വാങ്ങാൻ പാടില്ലായിരുന്നെന്ന് അവർ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. നല്ല ലാഭത്തിന് ഒരു വീട് നല്ല ഒരു സ്ഥലത്തു കിട്ടിയപ്പോൾ വാങ്ങിയത് വളരെ ബുദ്ധിയായിപ്പോയെന്ന് പലപ്പോഴും അവർ ചിന്തിക്കാറുണ്ട്. അമേരിക്കയിൽ വീടിനു മാത്രമല്ല അതു നിൽക്കുന്ന സ്ഥലത്തിനനുസ്സരിച്ചാണ് വില. അതിനിടയിൽ അമ്മിണിയുടെ അമ്മ നാട്ടിൽ വളരെ അപ്രതീക്ഷിതമായി മരണമടഞ്ഞതു മൂലം, അവരെല്ലാം കൂടെ നാട്ടിൽ പോയ് ചിലവു ചെയ്തതും അവക്ക് ഭാരമായി. തന്മൂലം അമ്മിണിക്ക് കിടക്കപ്പൊറുതിയില്ലാതെ പണിചെയ്യേ പറ്റൂ.

ചില വീടുകളിൽ ഭാര്യമാർ ഇങ്ങിനെ രാപകലില്ലാതെ ജോലി ചെയ്യുമ്പോൾ അതുപോലെ കൂടെ സഹകരിക്കാതെ ഇരുപത്തിനാലു മണിക്കൂറും മദ്യപാനവും പള്ളിരാഷ്ട്രീയവുമായി കഴിഞ്ഞിട്ട്, കഷ്ടപ്പെട്ട് വീട്ടിൽ വരുന്ന ഭാര്യയുമായി നിത്യം കലഹിച്ചു കഴിയുന്ന ഭർത്താക്കന്മാരു കൂടിയായാൽ അവിടെ നരകം തന്നെയാണ്.

എന്നാൽ അവറാച്ചൻ അങ്ങിനെയല്ല. നൂറുശതമാന സഹകരണമുണ്ട്. ഭക്ഷണങ്ങളെല്ലാമുണ്ടാക്കി പാത്രങ്ങളെല്ലാം വൃത്തിയാക്കി വീടെല്ലാം വൃത്തിയാക്കി വീടന്റെ പരിസരം മുഴുവനും വൃത്തിയാക്കി വളരെ കഷ്ടപ്പെട്ടാണ് കഴിയുന്നത്. കൂടാതെ മകളുടെ എല്ലാ കാര്യവും അവറാച്ചൻ തന്നെയാണ് ചെയ്യുന്നതും. പക്ഷേ, ഒരു കുഴപ്പമുണ്ട്: ഇത്രയും സുന്ദരിയായ അമ്മിണി അടുത്തുണ്ടെങ്കിൽ ഭാര്യാഭർത്തൃബന്ധമില്ലാതെ കിടക്കത്തില്ല. എന്നാൽ ഇപ്പോൾ എല്ലാ ദിവസവും രാപകലില്ലാതെ പണിചെയ്യുന്ന അമ്മിണിയെ കാണാൻ കിട്ടാത്തതു മൂലം അല്പം വെള്ളമടിച്ചിട്ട് അടുത്ത മുറിയിൽ പോയി കിടന്നുറങ്ങും. അങ്ങിനെ ഇയ്യിടെ സ്വല്പം മദ്യപാനം കൂടുന്നില്ലേയെന്ന് സംശയമില്ലാതില്ല. അമ്മിണിക്കും അയാളെ കുറ്റപ്പെടുത്താറില്ല; മജ്ജയും മാംസവും കൊണ്ടു നിറച്ച ശരീരമല്ലേ എന്നവൾ സമാശ്വസിക്കും. ഇപ്പോൾ വന്നുവന്ന് മാസത്തിലൊരിക്കൽ പോലും അവർ തമ്മിൽ സംഗമിക്കാൻ സമയം കിട്ടാറില്ല.

അമ്മിണിയുടെ അമ്മയുടെ ആദ്യത്തെ ഓർമ്മ വന്നു. ഒരു വലിയ തുക ഭക്ഷണമുണ്ടാക്കി പള്ളിയിൽ കൊണ്ടുവരാനായി കൊടുക്കാതിരിക്കാനായി അവർ തന്നെ വീട്ടിൽ എല്ലാം തയ്യാറാക്കി. വലിയ പാത്രങ്ങൾ ഇഷ്ടം പോലെ വീട്ടിൽ ഉണ്ട്. തയ്യാറാക്കാൻ ആളില്ലായെന്നു വരരുതെന്ന് കരുതി അമ്മിണി ശനിയാഴ്ച അവധിയെടുത്തു. അന്നു പ്രഭാതം മുതൽ രണ്ടുപേരും കൂടെ പണിതപ്പോൾ വളരെ രുചികരമായ ഭക്ഷണം ഇത്രയും പേർക്ക് വേണ്ടി തയ്യാറാക്കാൻ കഴിഞ്ഞു. ഇനിയും കാലത്ത് പള്ളിയിൽ വെച്ച് ചോറു കൂടെ വെച്ചാൽ മതി.

ഞായറാഴ്ച കാലത്ത് അവർ അച്ചന് ഫോൺ ചെയ്തു പറഞ്ഞു: ഞങ്ങൾക്ക് കാലത്ത് കുമ്പസാരിക്കണമെന്ന്. അതിൻപ്രകാരം അച്ചൻ കാലത്ത് പതിവിലും നേരത്തെ പള്ളിയിൽ എത്തി ഓർത്തഡോക്സ് ക്രമപ്രകാരം വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നതിന്റെ തലേ രാത്രി ഭാര്യാഭർത്തൃബന്ധത്തിൽ ഏർപ്പെടാൻ പാടില്ലന്നുണ്ട്. അവർ അത് ലംഘിച്ചു. അവക്ക് അന്ന് വിശുദ്ധ കുർബ്ബാന അനുഭവിക്കണമെന്നതിയായ ആഗ്രഹവുമുണ്ട്. അവരുടെ സാഹചര്യം കുമ്പസാരത്തിലൂടെ മനസ്സിലാക്കിയ അച്ചൻ അവരോട് “നിങ്ങളുടെ മനസാക്ഷിപ്രകാരം നിങ്ങൾ തെറ്റ് ചെയ്തിട്ടില്ലന്ന് തീർച്ചയാക്കിയാൽ നിങ്ങൾക്ക് വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നതിന് കുഴപ്പമില്ല. എന്നാൽ മേലാൽ ഇങ്ങിനെ ഒരു കാരണം പറഞ്ഞ് വിശുദ്ധ കുർബ്ബാന അനുഭവിക്കാൻ പോകരുത്. അതല്ലങ്കിൽ രാത്രി മദ്യപിച്ചിട്ട് കിടന്നിട്ട് കാലത്ത് കുർബ്ബാന അനുഭവിക്കാനും സഭ അനുവദിക്കത്തില്ലല്ലോ. എന്തായാലും അമ്മിണി കുറ്റം ഒന്നും ചെയ്തിട്ടില്ലന്ന് പറഞ്ഞു. മലിന മനസു മാറ്റിയാണ് താനെന്ന് അവറാച്ചനും പറഞ്ഞു.